'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- വടകര നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- സീനിയർ ക്ലാർക്ക് ശ്രീ പി.പവിത്രനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

G.O.(Rt)No.2242/2019/LSGD തീയതി,തിരുവനന്തപുരം, 11/10/2019

പരാമർശം:- 1 വിജിലൻസ്&ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 19.08.2013 തീയതിയിലെ ഇ16(വിഇ18/11/എസ്ഐയു-1)31195/2011 നമ്പർ കത്ത്

2 25.03.2014തീയതിയിലെ 72153/ഇയു2/20113/തസ്വഭവ

നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യ ഡയറക്ടറുടെ 11.03.2019 തീയതിയിലെ

വി2-6816/2014 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വടകര നഗരസഭയിലെ അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച ഇ 2-8507/2003-ാം നമ്പർ ഫയൽ കാണാതായത് സംബന്ധിച്ച് ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാന്റെ നിർദ്ദേശ പ്രകാരം വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ നഗരസഭയിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ പി. പവിത്രൻ ടി ഫയൽ കൈകാര്യം ചെയ്തിരുന്നുവെന്നും ആയത് തന്റെ പിൻഗാമിക്ക് കൈമാറിയില്ലായിരുന്നുവെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർ ശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് പരാമർ ശം 2 പ്രകാരം ടിയാന് കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു. .

2 . ശ്രീ പി.പവിത്രൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ ടിയാൻ സേവനമനുഷ്ഠിച്ചിരുന്നത് വടകര നഗരസഭയിലെ ഇ. 2 സെക്ഷനിലാണെന്നും ടി സെക്ഷനിൽ കുടിവെള്ള വിതരണം, റോഡ് നിർമ്മാണ പ്രവൃത്തികൾ, വാഹനങ്ങളുടെ അറ്റകുറ്റപണികൾ, തെരുവു വിളക്കുകളും വൈദ്യുതിയുമായി ബന്ധപ്പെട്ട മറ്റ് ഫയലുകളും പരാതികളുമാണ് കൈകാര്യം ചെയ്തിരുന്നതെന്നും കുറ്റാരോപണ പത്രികയിൽ ഫയൽ

എന്നു പറയുന്നത് ശ്രീ രവീന്ദ്രൻ പാറേമ്മൽ, പുത്തൂർ പി.ഒ എന്നവർ നഗരസഭയിലെ ടി.പി/1133/03 നമ്പറായി നിർമ്മാണാനുമതി നൽകിയ കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടക്കുന്നതായി ആരോപിച്ച് നൽകിയ നിരവധി പരാതികളിൽ ഒന്നു മാത്രമാണെന്നും സൂചിപ്പിച്ചിരിക്കുന്നു .

3 . ശ്രീ.പവിത്രനെതിരായ അച്ചടക്ക നടപടിയിൽ KCS & CCA Rule 15(2)(a) പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിക്കുകയും ടിയാന്റെ അപേക്ഷ പരിഗണിച്ച് 30.01.2018 ൽ അണ്ടർ സെക്രട്ടറി ടിയാളെ നേരിൽ കേൾക്കുകയുംചെയ്തിരുന്നു.കൂടാതെ ടി വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നഗരകാര്യ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു .

4 . നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ശ്രീ പി.പവിത്രൻ 06.03.2018- തീയതി നഗരകാര്യ ജോയിന്റ് ഡയറക്ടർ മുമ്പാകെ ഹിയറിംഗിന് ഹാജരായി മൊഴി നൽകിയിട്ടുള്ളതായും ടിയാന്റെ നിരപരാധിത്വം തെളിയിക്കുന്നതിനായി സാക്ഷികളെ വിസ്തരിക്കുന്നതിനോ രേഖകൾ ഹാജരാക്കുന്നതിനോ ഉദ്ദേശിക്കുന്നില്ലായെന്ന് ഹിയറിംഗ് വേളയിൽ അറിയിച്ചിട്ടുണ്ട്. വിജിലൻസ് റിപ്പോർട്ടും ശ്രീ പി.പവിത്രൻ സമർപ്പിച്ച പ്രതിവാദ പത്രികയും നഗരസഭയിലെ ബന്ധപ്പെട്ട രജിസ്റ്ററുകളും മറ്റ് രേഖകളും ടിയാന്റെ മൊഴിപ്പകർപ്പും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ജോയിന്റ് ഡയറക്ടറുടെ കണ്ടെത്തലുകൾ പ്രകാരം ശ്രീ പി . പവിത്രൻ 12.06.2002 തീയതിയിലാണ് യു . ഡി ക്ലാർക്ക് തസ്തികയിൽ വടകര നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതെന്നും 12.06.2002 മുതൽ 09.06.2004 വരെ ടിയാൻ ഇ. 2 സെക്ഷൻ കൈകാര്യം ചെയ്തിരുന്നതായും വടകര നഗരസഭാ സെക്രട്ടറിയുടെ ജി 1-94/03 നമ്പർ ഉത്തരവ് പ്രകാരം ടിയാനെ ഇ.2 സെക്ഷനിൽ നിന്നും ജി.1 സെക്ഷനിലേക്ക് മാറ്റി നിയമിച്ചിട്ടുള്ളതാണ് എന്നും അറിയിക്കുന്നു.

5. വടകര നഗരസഭയിൽ നിന്നും കടമുറികൾ റിപ്പയർ ചെയ്യുന്നതിന് ശ്രീ പി.പി ശശീന്ദ്രകുമാർ എന്നയാളിന് 24.02.2003-ൽ ടി . പി -1133/03- ാം നമ്പർ പ്രകാരം അനുമതി നൽകുകയും ടി അനുമതി പ്രകാരം നിർമ്മാണം പുരോഗമിക്കുന്നതിനിടെ നിർമ്മാണത്തിനെതിരെ പരാതി വന്നതിനെത്തുടർന്ന് നഗരസഭ സ്റ്റോപ്പ് മെമ്മോ നൽകുകയുണ്ടായി. സ്റ്റോപ്പ് മെമ്മോയ്ക്കെതിരെ ശ്രീ പി.പി. ശശീന്ദ്രകുമാർ നൽകിയ തുടർ അപേക്ഷയാണ് 8507 നമ്പറായി ശ്രീ പി പവിത്രൻ കൈപ്പറ്റിയിട്ടുള്ളതെന്നും ടി തപാൽ ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ ടി.പി. 1133/03- നമ്പർ ഫയലിൽ ചേർത്ത് തുടർനടപടി സ്വീകരിക്കേണ്ടതായിരുന്നുവെന്നും എന്നാൽ ടി തപാൽ ഇ.2 സെക്ഷന് മാറി നല്കുകയും ആയത് ക്ലാർക്കായിരുന്ന ശ്രീ.പി.പവിത്രൻ 10.04.2003- ൽ കൈപ്പറ്റിയിട്ടുള്ളതായും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ശ്രീ.പി പവിത്രൻ ടി തപാൽ ബന്ധപ്പെട്ട സെക്ഷനോ തന്റെ പിൻഗാമിയായി ചാർജ്ജെടുത്ത ശ്രീ കെ.കെ ബാബുവിനോ കൈമാറ്റം ചെയ്തതായുള്ള രേഖകളൊന്നും പരിശോധനയിൽ കണ്ടെത്താൻ

കഴിഞ്ഞിട്ടില്ല. ശ്രീ പി.പി.ശശീന്ദ്രകുമാറിന് നഗരസഭ നൽകിയ അനുമതിക്കെതിരെ ശ്രീ രവീന്ദ്രൻ പാറമ്മേൽ നൽകിയ പരാതികളോ തുടർന്ന് നഗരസഭ സ്റ്റോപ്പ് മെമ്മോ നൽകിയതിന്റെ രേകകളോ ടി.പി. 1133/03- ാം നമ്പർ ഫയലിൽ ലഭ്യമല്ലാത്തതാണ്.

6. ടി.പി. 1133/03 നമ്പറായി നിർമ്മാണാനുമതി നൽകിയ കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടക്കുന്നുവെന്ന് ആരോപിച്ച് ശ്രീ രവീന്ദ്രൻ പാറമ്മേൽ വിവിധ അധികാര കേന്ദ്രങ്ങളിലേക്ക് നിരവധി പരാതികൾ അയച്ചതായും ടിയാൻ അയച്ച ടി.പി -26466/16 നമ്പർ പരാതിയിൽ നഗരസഭയിൽ നടപടികൾ തുടർന്നു വരുന്നതായും ശ്രീ പി പവിത്രന്റെ മറുപടിയിൽ പരാമർശിച്ചിരിക്കുന്നു. എന്നാൽ ടി.പി. 26466/16 നമ്പർ ഫയലിലെ പരാതിക്കാരൻ ശ്രീ രവീന്ദ്രൻ എന്നവരല്ല എന്നും മാതു പാറേമ്മൽ, പുത്തൂർ പി.ഒ എന്നവർ ടിയാളുടെ പറമ്പിൽ അനധികൃതമായി നിർമ്മിച്ച കെട്ടിടവും പടവുകളും പൊളിച്ചു നീക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ പരാതിയാണ് അതെന്നും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

7. ശ്രീ പവിത്രൻ തന്റെ പ്രതിവാദ പത്രികയിൽ ഇ 2-8507/03 എന്ന പരാതി ടിയാൻ മനഃപൂർവ്വം നഷ്ടപ്പെടുത്തിയതല്ലെന്നും തിരക്കിനിടയിൽ ടി തപാൽ തുടർനടപടികൾക്കായി കണ്ടെടുക്കാൻ കഴിഞ്ഞില്ലാ എന്നും സൂചിപ്പിച്ചിരിക്കുന്നു. 2020 മെയ് മാസം സർവ്വീസിൽ നിന്നും വിരമിക്കുന്നതു കൂടി കണക്കിലെടുത്ത് മനഃ പൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കി തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് ടിയാൻ അപേക്ഷിച്ചിട്ടുണ്ട്.

8. മേൽ വസ്തുതകളിൽ നിന്നും ശ്രീ പി പവിത്രൻ തന്നെയാണ് 8507/03 നമ്പർ തപാൽ കൈപ്പറ്റിയതെന്നും യഥാർത്ഥത്തിൽ ടി തപാലിൽ തുടർനടപടി സ്വീകരിക്കേണ്ടിയിരുന്നത് ടി.പി.1133/03 നമ്പർ ഫയലിൽ ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ തന്നെയായിരുന്നുവെന്നും കാണുന്നു. എന്നാൽ ടി തപാൽ ഇ. 2 എന്ന് തെറ്റായി സെക്ഷൻ മാർക്ക് ചെയ്തു കാരണത്താൽ ശ്രീ.പവിത്രന്റെ സെക്ഷനിലെത്തുകയായിരുന്നു. ടിയാനുള്ളതല്ലാത്തതിനാൽ പ്രസ്തുത തപാൽ ബന്ധപ്പെട്ട സെക്ഷനിലേക്ക് യഥാസമയം കൈമാറേണ്ടതായിരുന്നു. എന്നാൽ തപാൽ യഥാസമയം പരിശോധിച്ച് അത്തരമൊരു നടപടി സ്വീകരിക്കുന്നതിൽ ശ്രീ. പി. പവിത്രന്റെ ഭാഗത്ത് വീഴ്ച വന്നിട്ടുള്ളതായാണ് വ്യക്തമാകുന്നതെന്നും കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ച വിശദീകരണം വസ്തുതാപരമല്ല എന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

9. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയിന്മേലുള്ള മറുപടി, നഗരകാര്യ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് എന്നിവ പ്രകാരം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം ആരോപണ വിഷയത്തിൽ വടകര നഗരസഭയിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ പി.പവിത്രന്റെ ഭാഗത്ത് വീഴ്ചകൾ ഉണ്ടായതായി വ്യക്തമാകുന്നു. മേൽ സാഹചര്യത്തിൽ വടകര മുനിസിപ്പാലിറ്റിയിലെ മുൻ യു.ഡി. ക്ലാർക്ക് ശ്രീ പവിത്രനെതിരായി വിജിലൻസ് റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്കനടപടി ടിയാന്റെ രണ്ടു വാർഷിക വേതനവർദ്ധനവ് രണ്ടു വർഷത്തേക്ക് സഞ്ചിത ഫലപ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REMANI MATHEW
ADDITIONAL SECRETARY

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീ പി.പവിത്രൻ, സീനിയർ ക്ലാർക്ക്, വടകര നഗരസഭ

വിജിലൻസ് വകുപ്പ്

(22.06.2019 തീയതിയിലെ VIG-D4/315/2018-VIG നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Danya M

സെക്ഷൻ ഓഫീസർ